**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ- 1458** **06/03/2017-ൽ മറുപടിക്ക്**

**പി.എം.കെ.എസ്.വൈ പദ്ധതി**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. കെ. കൃഷ്ണൻ കുട്ടി<br>ശ്രീ. സി.കെ. നാണു<br>ശ്രീ. കോവൂർ കുഞ്ഞുമോൻ<br>ശ്രീ.കെ.ബി. ഗണേഷ് കുമാർ | ശ്രീ. വി.എസ് .സുനിൽ കുമാർ<br>(ബഹു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | പി.എം.കെ.എസ്.വൈ പദ്ധതിപ്രകാരം എത്ര ജില്ലകളുടെ ഇറിഗേഷൻ പ്ലാൻ പൂർണ്ണമായും തയ്യാറായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | എ) | 9 ജില്ലകളിൽ ജില്ലാ ഇറിഗേഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. മറ്റുള്ള ജില്ലകളിലെ ജില്ലാ ഇറിഗേഷൻ പ്ലാൻ മാർച്ച് 2-ാം വാരത്തോടുകൂടി പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) | 2015- ൽ പ്രഖ്യാപിച്ച പി.എം.കെ. എസ്.വൈ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കാൻ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ; | ബി) | 2015-16 വർഷത്തിൽ ലഭ്യമായ കേന്ദ്ര ധനസഹായം വിനിയോഗിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. 2016-17 വർഷത്തിലെ കേന്ദ്ര ധനസഹായം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതാണ്. |
| സി) | ജില്ലാ ഇറിഗേഷൻ പ്ലാൻ തയ്യാറാക്കുവാൻ ജില്ലാ കളക്ടർമാർ സ്വീകരിച്ചിട്ടുള്ള നടപടികൾ ജില്ലാടിസ്ഥാനത്തിൽ വിശദീകരിക്കാമോ? | സി) | ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**തിരുവനന്തപുരം:-**

ജില്ലാതല ഇറിഗേഷൻ പ്ലാൻ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ ചെയർമാനും കൃഷി ഇറിഗേഷൻ, മണ്ണ് സംരക്ഷണ പര്യവേഷണം തുടങ്ങിയ വിവിധ വകുപ്പുകളുടെ പ്രതിനിധികൾ ഉൾപ്പെട്ടതുമായ ജില്ലാതല ഇംപ്ലിമെൻേറഷൻ കമ്മിറ്റി രൂപീകരിച്ചു. പഞ്ചായത്ത് ബ്ലോക്കുതലങ്ങളിൽ ജനപ്രതിനിധികളുടെ സാന്നിധ്യത്തിൽ വിശദമായ ചർച്ച നടത്തുകയും പദ്ധതികൾക്ക് അന്തിമരൂപം നൽകുന്നതിന് മുൻപായി വിവിധഘട്ടങ്ങളിൽ ഡി.എൽ.ഐ.സി കൂടുകയും ജില്ലാ ഇറിഗേഷൻ പ്ലാനിന് ഡി.എൽ.ഐ.സി അംഗീകാരം ലഭ്യമാക്കുകയും കേന്ദ്ര ഗവൺമെന്റ് വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുകയും ചെയ്തു.

**കൊല്ലം:-**

പി.എം.കെ.എസ്.വൈ പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ ഘട്ടങ്ങളിൽ ജില്ലാ കളക്ടർ വിവിധ വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥരുടെ മീറ്റിംഗുകൾ വിളിച്ച് കൂട്ടുകയും, പി.എം.കെ.എസ്.വൈ പദ്ധതിയെക്കുറിച്ചും ഡി.ഐ.പി തയ്യാറാക്കുന്നതിനെക്കുറിച്ചും അവലോകനം നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. 18-12-2015, 07-01-2016, 06-04-2016, 19-10-2016, 21-11-2016 എന്നീ തീയതികളിൽ കളക്ടർ ചെയർപേഴ്സൻ ആയി ഡി.എൽ.ഐ.സിയുടെ മീറ്റിംഗ് കൂടിയിട്ടുണ്ട്. 21-11-2016 ലെ മീറ്റിംഗിൽ വച്ച് ജില്ലാ ഇറിഗേഷൻ പ്ലാൻ ഡി.എൽ.ഐ.സി അംഗീകരിച്ചിട്ടുണ്ട്.

**പത്തനംതിട്ട:-**

ജില്ലാതല ഇറിഗേഷൻ പ്ലാൻ തയ്യാറാക്കുന്നതിലേയ്ക്കായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ഇന്റർ ഡിപ്പാർട്ട്മെന്റൽ കമ്മിറ്റി രൂപീകരിച്ചിരുന്നു. ജില്ലയിൽ ഇന്റർ ഡിപ്പാർട്ട്മെന്റൽ കമ്മിറ്റിയുടെ 5 യോഗങ്ങൾ ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ കുടുകയും വിവിധ വകുപ്പുകളിൽ നിന്നും ഉൾപ്പെടുത്തേണ്ട പദ്ധതികൾ സംബന്ധിച്ചും തുക സംബന്ധിച്ചും വകുപ്പ് തലവന്മാർക്ക് ജില്ലാകളക്ടർ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുമുണ്ട്.

ജില്ലാതല ഇംപ്ലിമെന്റിംഗ് കമ്മിറ്റി കൂടി ജില്ലാതല ഇറിഗേഷൻ പ്ലാൻ ജനപ്രതിനിധികളെ ഉൾപ്പെടുത്തി വിശദമായി ചർച്ച ചെയ്ത് അംഗീകരിച്ചിട്ടുണ്ട്.

**ആലപ്പുഴ:-**

പി.എം.കെ.എസ്.വൈ ജില്ലാ ഇറിഗേഷൻ പ്ലാൻ തയ്യാറാക്കുന്നതിനായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായി ജില്ലാ തല ഇംപ്ലിമെൻേറഷൻ കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രിൻസിപ്പൽ കൃഷി ഓഫീസർ നോഡൽ ഓഫീസറായ ജില്ലാതല ഇംപ്ലിമേൻേറഷൻ കമ്മിറ്റിയിൽ ജലസേചനം, പമ്പ, കല്ലട ജലസേചന വിഭാഗം, മണ്ണ്സംരക്ഷണം, ഗ്രാമവികസനം തുടങ്ങിയ വകുപ്പുകളിലെ സാങ്കേതിക/നിർവ്വഹണ ഉദ്യോഗസ്ഥരും കെ.എൽ.ഡി.സി എഞ്ചിനീയർ, നബാർഡ് പ്രതിനിധി, മങ്കൊമ്പ് നെല്ലുഗവേഷണ കേന്ദ്രം മേധാവി, ആത്മ പ്രോജക്ട് ഡയറക്ടർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ എക്സിക്യൂട്ടീവ് എഞ്ചിനീയർ തുടങ്ങിയവർ അംഗങ്ങളുമാണ്. പ്രസ്തുത കമ്മിറ്റി

കളക്ടറുടെ അദ്ധ്യക്ഷതയിൽ പലതവണ യോഗം ചേർന്ന് ജില്ലയിലാകമാനയുള്ള ജലസേചന ആവശ്യകതയും സാധ്യതയും കണക്കാക്കി ജില്ലാതല ഇറിഗേഷൻ പ്ലാൻ തയ്യാറാക്കുകയും 16-02-2017 ലെ കമ്മിറ്റിയിൽ പ്ലാനിന് അംഗീകാരം നൽകുകയും ചെയ്തു. ആയത് പി.എം.കെ.എസ്.വൈ പോർട്ടലിൽ അപ് ലോഡ് ചെയ്തിട്ടുമുണ്ട്.

**ഇടുക്കി:-**

ജില്ലാ ഇറിഗേഷൻ പ്ലാൻ തയ്യാറാക്കുന്നതിനുള്ള ഉത്തരവാദിത്വം CWRDM കോഴിക്കോടിനെ ഏൽപ്പിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ എല്ലാ ബ്ലോക്കുകളുടെയും ഇറിഗേഷൻ പ്ലാൻ CWRDM നെ ഏൽപിച്ചിട്ടുണ്ട്. മാർച്ച് 20ം വാരത്തോടുകൂടി ഇറിഗേഷൻ പ്ലാൻ പൂർത്തീകരിക്കുന്നതാണ്.

**കോട്ടയം:-**

മൈനർ ഇറിഗേഷൻ, മേജർ ഇറിഗേഷൻ, സോയിൽ സർവ്വെ, സോയിൽ കൺസർവേഷൻ, കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, റൂറൽ ഡിപ്പാർട്ട്മെന്റ്, ഐ.ഡബ്ലിയു.എം.പി, കൃഷി വകുപ്പ് തുടങ്ങിയ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് വിവിധ മിറ്റിംഗുകൾ കൂടുകയും ജില്ലാതല ഇറിഗേഷൻ പ്ലാൻ ഉണ്ടാക്കുന്നതിനായി ആവശ്യമായ എല്ലാ സഹായസഹകരണങ്ങളും നൽകുകയും ജില്ലാതലത്തിൽ രൂപീകരിച്ച ഇറിഗേഷൻ പ്ലാൻ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്

**എറണാകുളം:-**

31-10-2016 ൽ കൂടിയ ഡി.ഐ.പി മീറ്റിംഗിൽ ജില്ലാ കളക്ടർ അംഗീകരിച്ച പി.എംകെ.എസ്.വൈ പദ്ധതിക്കായുള്ള ജില്ലാ ഇറിഗേഷൻ പ്ലാൻ ബന്ധപ്പെട്ട വെബ്സൈറ്റിൽ അപ് ലോഡ് ചെയ്തിട്ടുണ്ട്.

**തൃശ്ശൂർ:-**

ബഹു. ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിലുള്ള ജില്ലാ സമിതി തൃശ്ശൂർ ജില്ലയുടെ ഇറിഗേഷൻ പ്ലാനിന് അംഗീകാരം നൽകിയിട്ടുണ്ട്.

**പാലക്കാട്:-**

പി.എം.കെ.എസ്.വൈ പദ്ധതിയുടെ ചെയർമാനായ ബഹു. ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ വിവിധ തീയതികളിലായി ലൈൻ ഡിപ്പാർട്ടുമെന്റുകളെ ഉൾപ്പെടുത്തി നടത്തിയ അനവധിയോഗങ്ങളിൽ ജില്ലാ ഇറിഗേഷൻ പ്ലാൻ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയുണ്ടായി. 13-02-2017 ന് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ ഡി.എൽ.ഐ.സി യോഗത്തിൽ കരട് ജില്ലാ ഇറിഗേഷൻ പ്ലാൻ അംഗീകരിച്ചിട്ടുണ്ട്

**മലപ്പുറം:-**

2016-17 മുതൽ 2020-21 വരെ 5 വർഷത്തേക്ക് ക്രോഡീകരിച്ചുകൊണ്ടുള്ള ജില്ലാ ഇറിഗേഷൻ പ്ലാൻ ജില്ലാ കളക്ടർ ചെയർമാനായ ജില്ലാതല കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്

**കോഴിക്കോട്:-**

08-09-2016ൽ കൂടിയ ഡി.എൽ.ഐ.സി യോഗത്തിൽ ജില്ലാ കളക്ടർ അംഗീകരിച്ച പി.എംകെ.എസ്.വൈ പദ്ധതിക്കായുള്ള ജില്ലാ ഇറിഗേഷൻ പ്ലാൻ ബന്ധപ്പെട്ട വെബ്സൈറ്റിൽ അപ് ലോഡ് ചെയ്തിട്ടുണ്ട്

**വയനാട്:-**

വയനാട് ജില്ലാ കളക്ടറുടെയും, സബ്കളക്ടറുടെയും നേതൃത്വത്തിൽ കൃഷി, ജലസേചനം, മണ്ണ് സംരക്ഷണം, ദാരിദ്ര്യലഘൂകരണം എന്നീ വകുപ്പുകളുടെ ഏകോപനത്തോടെയാണ് സമഗ്രമായ ജില്ലാ ജലസേചന പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. ആദ്യഘട്ടത്തിൽ പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെയും കൃഷിഭവൻെറയും മറ്റ് വകുപ്പുകളുടെയും സഹകരണത്തോടെ പഞ്ചായത്ത് തല പദ്ധതി തയ്യാറാക്കുകയും പിന്നീട് ബ്ലോക്കുതലത്തിൽ ബ്ലോക്ക് പഞ്ചായത്ത് സമിതിയുടെയും കൃഷി അസിസ്റ്റന്റ് ഡയറക്ടർ ബ്ലോക്ക് തലത്തിലെ മറ്റ് അനുബന്ധ വകുപ്പുകളുടെയും സഹകരണത്തോടെ ബ്ലോക്ക്തല പ്ലാൻ തയ്യാറാക്കുകയും ചെയ്തു. തുടർന്ന് വയനാട് സബ്കളക്ടറുടെ പ്രത്യേക നിരീക്ഷണത്തിലും നേതൃത്വത്തിലുമാണ് അന്തിമ ജില്ലാ ജലസേചന പ്ലാൻ തയ്യാറാക്കിയത്. ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെയും ജില്ലാതലത്തിലുള്ള മറ്റ് വകുപ്പുകളുടെയും ഏകോപനവും സഹകരണവും കൊണ്ടാണ് ജില്ലാ ജലസേചന പ്ലാൻ തയ്യാറാക്കിയത്. ജലം ഒട്ടും പാഴാക്കാതെ പരമാവധി കൃഷിഭൂമികൾക്ക് ജലസേചനത്തിനായി വിനിയോഗിക്കുന്ന തരത്തിലുള്ള പരിപാടികളാണ് അഞ്ചുവർഷത്തെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി സമർപ്പിച്ചിട്ടുള്ളത്.

**കണ്ണൂർ:-**

പ്രിൻസിപ്പൽ കൃഷി ഓഫീസർ സമർപ്പിച്ച ഡിപ്പിൻെറ കരട് ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള ഡി.എൽ.ഐ.സി ചർച്ച ചെയ്ത് അംഗീകാരം നൽകിയിട്ടുണ്ട്.

**കാസർഗോഡ്:-**

ജില്ലാ ഇറിഗേഷൻ പദ്ധതി തയ്യാറാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ